**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2827** **13-02-2024 - ൽ മറുപടിയ്ക്ക്**

**ഗ്രീൻഫീൽഡ് തുറമുഖം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂരിൽ ആരംഭിക്കാൻ പോകുന്ന മുഖ്യമന്ത്രി ചെയർമാനായിട്ടുള്ള മലബാർ ഇന്റർനാഷണൽ പോർട്ട് & സെസ് ലിമിറ്റഡ് എന്ന പേരിൽ പ്രത്യേക കമ്പനി രൂപീകരിച്ച് പ്രവർത്തനങ്ങൾ നടന്നു വരുന്ന ഗ്രീൻഫീൽഡ് തുറമുഖത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | പദ്ധതി പ്രദേശത്തെ വിശദമായ മണ്ണ് പരിശോധന (ജിയോ ടെക്നിക്കൽ ഇൻവെസ്റ്റിഗേഷൻ വിത്ത് ഡ്രില്ലിങ് അപ്പ് 60 മീറ്റർ അണ്ടർ ദി സീ-ബെഡ്) പൂർത്തിയാക്കുകയും അന്തിമ റിപ്പോർട്ട് എൻ.ഐ.ടി കോഴിക്കോടിന്റെയും ജി.ഇ.സി തൃശ്ശൂരിന്റെയും പരിശോധ നയ്ക്കും അംഗീകാരത്തിനും ശേഷം ലഭ്യമായിട്ടുണ്ട്. അതിനുശേഷം സാങ്കേതിക കൺസൾട്ടന്റ്, M/s. HOWE Engineering Projects (India) Pvt. Ltd. സമർപ്പിച്ച ഡിസൈൻ റിപ്പോർട്ട് പ്രകാരം പുലിമുട്ട് (breakwater) ഡിസൈൻസ് സാങ്കേതിക പരിശോധനയിൽ മാറ്റങ്ങൾ വരുത്തേണ്ടതാണെന്നു ബോധ്യപ്പെട്ടു. ഐഐടി മദ്രാസ് ഡിസൈൻസ് പരിശോധിച്ചു. ബ്രേക്ക് വാട്ടർ ഫൗണ്ടേഷൻ മാറ്റികൊണ്ടുള്ള അവരുടെ ശുപാർശ കളോടെ റിപ്പോർട്ട് ജൂൺ 2022-ൽ ലഭിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ പോർട്ടിന്റെ അന്തിമ ഡിസൈൻ റിപ്പോർട്ട് സാങ്കേതിക കൺസൾറ്റന്റ് തയ്യാറാക്കി.<br><br>2021 മാർച്ച് മാസത്തിൽ State Environmental Impact Assessment Authority പാരിസ്ഥിതിക പഠനം നടത്തുന്നതിനുള്ള Terms of Reference അംഗീകരിച്ചു. അതിനുശേഷം, വിശദമായ പാരിസ്ഥിതിക പഠനങ്ങളും, സാംപിളുകൾ ശേഖരിച്ച ശേഷം പരിശോധനയും, നക്കൽ റിപ്പോർട്ട് തയ്യാറാക്കലും എല്ലാം പുരോഗമിച്ചു വരുന്നു.<br><br>തുറമുഖ വികസന പദ്ധതിയുടെ ഭാഗമായി കയറ്റുമതി - ഇറക്കുമതി വ്യാപാരം വർദ്ധിപ്പിക്കുന്നതിനും തുറമുഖത്തെ അടിസ്ഥാനമാക്കിയുള്ള സാമ്പത്തിക വികസനത്തിനും പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. ഇതിന്റെ കൺസൾറ്റന്റ്, ടാറ്റ കൺസൾട്ടിംഗ് എഞ്ചിനീയേഴ്സ് ലിമിറ്റഡ് (TCE), പ്രത്യേക സാമ്പത്തിക മേഖലകളുടെ (Special Economic Zones) ഇൻസ്പെക്ഷൻ റിപ്പോർട്ട് 2021 മാർച്ചിലും, |

| | | | |
|---|---|---|---|
| | | | ഹിന്റർലാൻഡ് ബിസിനസ് പൊട്ടൻഷ്യൽ റിപ്പോർട്ട് 2022 മാർച്ചിലും സമർപ്പിച്ചു. വ്യവസായ പാർക്കുകളുടെ വികസനത്തിനും മറ്റുമായി കേരളത്തിന്റെ വടക്ക് ജില്ലകളായ കണ്ണൂർ, കാസർഗോഡ്, വയനാട്, കോഴിക്കോട് എന്നീ പ്രദേശങ്ങളിലെ ഭൂമി ഏറ്റെടുക്കുന്നതിനും കൈമാറുന്നതിനും എം/സ് ടി.സി.ഇ സാധ്യത റിപ്പോർട്ടുകളും വിശദമായ മാസ്റ്റർപ്ലാനും തയ്യാറാക്കി വരുന്നു.<br><br>സാങ്കതിക കണസൽട്ടന്റ് തയ്യാറാക്കിയ വിശദമായ പദ്ധതി റിപ്പോർട്ട് ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിലുള്ള എംപവേർഡ് കമ്മിറ്റി (Empowered Committee) പരിശോധിച്ചുവരുന്നു. ടി തുറമുഖ പദ്ധതിയുടെ സാമ്പത്തിക ഘടന രൂപീകരിക്കുന്നതിനും (Financial structuring) അതിനു വേണ്ടിയുള്ള ശുപാർശകൾക്കും മറ്റുമായി സെന്റർ ഫോർ മാനേജ്മന്റ് ഡെവലപ്മെന്റിനെ (സിഎംഡി) ചുമതലപ്പെടുത്തി യിട്ടുണ്ട്. സിഎംഡി സാമ്പത്തിക ഘടന രൂപീകരി ക്കുന്നത് സംബന്ധിച് റിപ്പോർട്ടുകൾ സമർപ്പിക്കുകയും പ്രസ്തുത കമ്മിറ്റി ഈ റിപ്പോർട്ടുകൾ അവലോകനം ചെയ്തുവരുകയുമാണ്. |
| (ബി) | പ്രസ്തുത പോർട്ടിന്റെ ഡി.പി.ആർ തയ്യാറായിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ബി) | ഉണ്ട്. കമ്പനിയുടെ സാങ്കേതിക കൺസൾട്ടന്റായ M/s. HOWE Engineering Projects (India) Pvt. Ltd. തയ്യാറാക്കിയ വിശദമായ പദ്ധതി റിപ്പോർട്ട് (ഡി.പി.ആർ) ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിലുള്ള ഒരു എംപവേർഡ് കമ്മിറ്റി (Empowered Committee) പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ